# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3262 11.05.2017 ലെ മറുപടിക്ക്

### കയർ വ്യവസായ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.വി. ജോയി<br>ശ്രീ.ആർ. രാജേഷ് | ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പുതുതായി തൊഴിലാളികൾ കടന്നു വരാത്ത കയർ വ്യവസായ മേഖലയിൽ ഉല്പാദന ക്ഷമതാ വർദ്ധനവിന് യന്ത്രവത്ക്കരണം അനിവാര്യമായതിനാൽ അത് വ്യാപകമാക്കുന്നതിനോടൊപ്പം നിലവിലുള്ള ആയിരക്കണക്കിന് പരമ്പരാഗത തൊഴിലാളികളെ മുഴുവൻ ഉൾക്കൊള്ളാൻ ശേഷിയുള്ള തരത്തിലാണോ യന്ത്രവത്ക്കരണം ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് പറയാമോ; | എ)പുതുതായി തൊഴിലാളികൾ കടന്നു വരാത്ത കയർ വ്യവസായ മേഖലയിൽ ഉല്പാദന ക്ഷമതാ വർദ്ധനവിന് യന്ത്രവത്ക്കരണം അനിവാര്യമാണെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പ രമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും ബാധിക്കാ തെ ആയിരിക്കും നടപ്പിൽ വരുത്തുക. ഇതിന്റെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തന ക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ എല്ലാം മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി ആയിരുന്ന ബജറ്റ് വിഹിതം പുതുക്കി 77 കോടി ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതിനാവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്.<br><br>ചകിരി ഉൽപ്പാദനം വ്യാപിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട് കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചു വരുന്നു. 2017-18 -ൽ 100 ചെറുകിട ചകിരി ഉല്പാദന മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം |

| | |
|---|---|
| | ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. ഇപ്രകാരം മേഖലയിലെ പരമ്പരാഗത വ്യവസായ തൊഴിലാളികളെ എല്ലാം ഉൾക്കൊള്ളാൻ കഴിയുന്നതാണ്. |
| ബി)കയർ വ്യവസായ നവീകരണം പോലെതന്നെ, പരമ്പരാഗത തൊഴിൽ ശക്തി ആഗിരണത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോ? | ബി)കയർ വ്യവസായ രംഗത്ത് നവീകരണവും ആധുനീകവൽക്കരണവും നടപ്പിലാക്കുമ്പോൾ തന്നെ നിലവിലുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനും കൂലിയ്ക്കും യാതൊരുവിധ തടസ്സവും ഉണ്ടാകാതെയിരിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർകോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 77 കോടി ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് ഇത് പരമ്പരാഗത തൊഴിൽ ശക്തിയെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ്.<br><br>പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങൾ രണ്ടാം പുനസംഘടനാ പദ്ധതിയുടെ ഭാഗമായി പ്രവർത്തന ക്ഷമമായ സംഘങ്ങളോട് സഹകരണ നിയമാനുസൃതം കൂട്ടിചേർക്കപ്പെടുമ്പോൾ അത്തരം സംഘങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പര്യാപ്തമാകും. |

സെക്ഷൻ ഓഫീസർ